(1498) നെടുമങ്ങാട് താലൂക്കിലെ റീ സർവ്വേ പ്രവർത്തനങ്ങൾ

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിലെ വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീ സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്;

(ബി) ഈ വില്ലേജുകളിൽ റീ സർവ്വേ സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; വില്ലേജ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഓരോ വില്ലേജിലും ഇത്തരം പരാതികളിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) 5 വർഷമായി ലഭിച്ച പരാതികളിന്മേൽപോലും തീർപ്പുകൽപ്പിക്കപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) നെടുമങ്ങാട്, ചിറയിൻകീഴ് താലൂക്കുകളിലെ അപ്പീൽ പരാതികൾ പരിശോധിക്കുന്ന ആഫീസുകൾ നെയ്യാറ്റിൻകരയിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ ആഫീസുകൾ അതത് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് താലൂക്കിലെ വാമനപുരം നിയോജകമണ്ഡലത്തിലെ കോലിയക്കോട്, മാണിക്കൽ, നെല്ലനാട് എന്നീ വില്ലേജുകളിൽ റീ സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

(ബി) ഈ വില്ലേജുകളിൽ 30.10.99 വരെ 5398 പരാതികൾ കിട്ടിയിട്ടുണ്ട്.

വില്ലേജ് തിരിച്ചുള്ള കണക്ക്

മാണിക്കൽ വില്ലേജ് -1935 എണ്ണം

നെല്ലനാട് വില്ലേജ് -2214 എണ്ണം

കോലിയക്കോട് 1249 എണ്ണം

(സി) ഓരോ വില്ലേജിലേയും പരാതികൾ സർവ്വേ അദാലത്ത് നടത്തി തീർപ്പാക്കി വരുന്നു.

(ഡി) ഇല്ല.

(ഇ) ഉണ്ട്.

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്.

(1499) നെടുമങ്ങാട് താലൂക്കിൽ റീ സർവ്വേ നടന്ന വില്ലേജുകൾ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ എത്ര വില്ലേജുകളിൽ റീ സർവ്വേ നടന്നു; ഏതെല്ലാം വില്ലേജുകളിൽ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റീ സർവേ സംബന്ധിച്ച് എത്ര പരാതികളിൽ ഇനി തീർപ്പുകൽപ്പിക്കാനുണ്ട്; ആകെ എത്ര പരാതികളാണ് താലൂക്കിൽ ഇത് സംബന്ധിച്ച് ലഭിച്ചത്;

(സി) പരാതികളിൽ തീർപ്പു കൽപ്പിക്കാനുണ്ടാകുന്ന കാലതാമസം കാരണം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) നെടുമങ്ങാട് റീ സർവ്വേയുമായി ബന്ധപ്പെട്ട ഓഫീസ് പ്രവർത്തിക്കുന്നത് അടുത്ത താലൂക്കായ നെയ്യാറ്റിൻകരയിലായതുകാരണം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) റീ സർവ്വേ സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ നെടുമങ്ങാട് റീ സർവ്വേ ആഫീസിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ ഉദ്യോഗസ്ഥന്മാരെ തിരികെ കൊണ്ടുവരുന്നതിനും, നെടുമങ്ങാട് ലാന്റ് കംപ്ലയിന്റ് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ;

(ജി) ഇക്കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് താലൂക്കിലെ എല്ലാ വില്ലേജുകളുടെയും റീ സർവ്വേ ഫീൽഡ് ജോലി പൂർത്തിയായിട്ടുണ്ട്.

(ബി) റീ സർവ്വേ സംബന്ധിച്ച് 317 പരാതികളിൽ ഇനി തീർപ്പുകൽപ്പിക്കാനുണ്ട്. 54541 പരാതികളാണ് ആകെ ലഭിച്ചത്.

(സി)&(ഡി) ഉണ്ട്. പരാതികൾ സർവ്വേ അദാലത്ത് നടത്തി പരിഹരിച്ചു വരുന്നു.

(ഇ) ഉണ്ട്. നെടുമങ്ങാട്, ചിറയിൻകീഴ് താലൂക്കുകളിലെ റീ സർവ്വേ ജോലികളുടെ ചുമതല യഥാക്രമം നെടുമങ്ങാട് സർവ്വേ സൂപ്രണ്ടിനും, ആറ്റിങ്ങൽ സർവ്വേ സൂപ്രണ്ടിനും നൽകിയിട്ടുണ്ട്.

(എഫ്) പരിശോധിക്കുന്നതാണ്.

(ജി) ഉണ്ട്.

(എച്ച്) പരിശോധിച്ചുവരുന്നു.

(1501) ഗ്രന്ഥശാലകൾക്കും പൊതുസ്ഥാപനങ്ങൾക്കും സ്ഥാപനത്തിന്റെ പേരിൽ പട്ടയം

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മാസം റവന്യൂ വകുപ്പ് ഇടുക്കി ജില്ലയിൽ പട്ടയം വിതരണം ചെയ്തപ്പോൾ ഗ്രന്ഥശാലകൾക്കും മറ്റ് പൊതു സ്ഥാപനങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly